**വളരെ അടിയന്തിരം**

Most urgent - 'A'

18 JUN 2018

# കേരള സർക്കാർ

എ 1/150/2018-ആയുഷ്

ആയുഷ് (എ) വകുപ്പ്
തിരുവനന്തപുരം, തീയതി, 14.06.2018

## സർക്കുലർ

വിഷയം: ആയുഷ്- നാലാം അന്താരാഷ്ട്ര യോഗാദിനാചരണം- 2018 ജൂൺ 21-ം തീയതി സംസ്ഥാനത്ത് ആചരിക്കുന്നത്-നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന: കേന്ദ്ര ആയുഷ് മന്ത്രാലയ സെക്രട്ടറിയുടെ 02.02.2018 -ലെ എസ്.11012/07/2018-Y&N നം. അർദ്ധ ഔദ്യോഗിക കത്ത്

കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം നാലാം അന്താരാഷ്ട്ര യോഗദിനാചരണത്തിന്റെ സംസ്ഥാനതല ചടങ്ങ് 2018 ജൂൺ 21-ാം തീയതി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വിപുലമായ രീതിയിൽ ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര യോഗദിനാചരണത്തിൽ പ്രമുഖരായ യോഗ പരിശീലകരുടെ നേതൃത്വത്തിൽ വിശദമായ പരിശീലന പരിപാടികൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ, പ്രസംഗങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. സംസ്ഥാന/ ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ രാവിലെ 7 മണി മുതൽ 8 മണി വരെ കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള കോമൺ യോഗ പ്രോട്ടോക്കോൾ (Common Yoga Protocol) അനുസരിച്ച് നടത്തുന്ന യോഗാഭ്യാസമായിരിക്കും യോഗദിനത്തിന്റെ ഭാഗമായുള്ള പ്രധാന പരിപാടി. കൂടാതെ കോളേജുകൾ, സർവ്വകലാശാലകൾ, സംസ്ഥാനത്തെ സ്കൂളുകൾ, വിവിധ യുവജന സംഘടനകളായ നാഷണൽ സർവീസ് സ്കീം, എൻ.വൈ.കെ.എസ്, റസിഡന്റ് വെൽഫയർ അസോസിയേഷനുകൾ, സിവിൽ സൊസൈറ്റി ഓർഗൈനൈസേഷനുകൾ തുടങ്ങിയവ യോഗയുമായി ബന്ധപ്പെട്ട് യോഗഫെസ്റ്റ്, സെമിനാറുകൾ വർക്ക്ഷോപ്പുകൾ, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ, 2018 ജൂൺ 21-ം തീയതി (വ്യാഴാഴ്ച) രാവിലെ 7 മണി മുതൽ 8 മണി വരെ സംസ്ഥാന/ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത്/അംഗൻവാടി സെന്ററുകൾ(AWCS) തുടങ്ങി എല്ലാ തലങ്ങളിലും യോഗാദിനം വിപുലമായി ആചരിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാരും ബന്ധപ്പെട്ട വകുപ്പ് മേധാവികളും എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികളും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.......2

യോഗാഭ്യാസത്തിന് പുറമേ എല്ലാ സർക്കാർ ഓഫീസുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും യോഗയുടെ ഗുണങ്ങളും, ചികിത്സാപരമായുള്ള പ്രാധാന്യവും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി വർക്ക് ഷോപ്പുകൾ/ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. കോമൺ യോഗ പ്രോട്ടോക്കോൾ അനുസരിച്ച് കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ച വിവിധ യോഗാസനങ്ങൾ വിശദമാക്കുന്ന ബുക്ക് ലെറ്റ് www.ayush.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

പോൾ ആന്റണി
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
ഗവർണ്ണറുടെ സെക്രട്ടറിക്ക്
സെക്രട്ടറി, കേരള നിയമസഭ
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
അഡ്വക്കേറ്റ് ജനറൽ, കേരള
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
രജിസ്ട്രാർ, കേരള ലോകായുക്ത
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
സെക്രട്ടറി, വിവരാവകാശ കമ്മീഷൻ
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളിലെയും രജിസ്ട്രാർമാർ
പൊതുമേഖല/സ്വയംഭരണ വകുപ്പ് തലവൻമാർ
വെബ് & ന്യൂ മീഡിയ(പ്രസിദ്ധീകരണത്തിനായി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ